13-ാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 340 | 31.01.2014-ൽ മറുപടിയ്ക്ക്

# ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പങ്കാളിത്തം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ബഷീർ<br>ശ്രീ. കെ. എം. ഷാജി<br>ശ്രീ. കെ. എൻ. എ. ഖാദർ<br>ശ്രീ. പി. ബി. അബ്ദുൾ റസാക് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ വിഹിതം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നൽകുന്നതിന് നിശ്ചയിച്ചിട്ടുളള മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിന്റെ ഒരുവിഹിതം സാമൂഹിക പ്രതിബദ്ധത യുള്ള പദ്ധതികൾക്കായി വിനിയോഗിക്കണമെന്ന് കമ്പനി നിയമപ്രകാരം അനുശാസിക്കുന്നുണ്ട്. 29/8/2013 ൽ ഭേദഗതി വരുത്തിയ കമ്പനി നിയമപ്രകാരം അറ്റമൂല്യം 500 കോടിരൂപയ്ക്ക് മുകളിലോ, വിറ്റുവരവ് 1000 കോടിരൂപയ്ക്ക് മുകളിലോ, അറ്റലാഭം 5 കോടിരൂപയ്ക്കുമുകളിലോ ഉള്ള കമ്പനികൾ അവരുടെ അറ്റലാഭത്തിന്റെ കുറഞ്ഞത് 2% മെങ്കിലും സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾക്കായി നിർബന്ധമായും വിനിയോഗിക്കണമെന്ന് അനുശാസിക്കുന്നുണ്ട്. ഇതിനുവേണ്ടി മൂന്നോ അതിലധികമോ ഡയറക്ടർമാർ ഉൾപ്പെടുന്ന ബോർഡ് തലത്തിലുള്ള ഒരു കമ്മിറ്റി രൂപീകരിക്കുകയും വേണം. |

(ബി) സർക്കാരിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ഉതകും വിധമുള്ള പ്രചാരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ; വ്യക്തമാക്കാമോ ?

(ബി) സർക്കാരിന്റെ വിവിധ വകുപ്പുകൾ മുഖേന നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കത്തക്ക വിധത്തിലുള്ള വിവിധ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കമ്പനി നിയമത്തിൽ വരുത്തിയ ഭേദഗതിമൂലം സർക്കാരിന്റെ വിവിധ സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികളിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പങ്കാളിത്തം വർദ്ധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**